പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4149 — 03.02.2014- ലെ മറുപടിക്ക്

## അനലിറ്റിക്കൽ ലാബുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. പി. വിൻസെന്റ്<br>" ബെന്നി ബെഹനാൻ<br>" ഡൊമനിക്ക് പ്രസന്റേഷൻ<br>" എ. റ്റി. ജോർജ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | അനലിറ്റിക്കൽ ലാബുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി എൻ. എ. ബി. എൽ. അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മൂന്ന് അനലറ്റിക്കൽ ലബോറട്ടറികളേയും ദേശിയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഇന്ത്യയുടെ NABL അക്രഡിറ്റേഷൻ നേടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവർത്തനങ്ങൾ തുടരുന്നതിനുവേണ്ടി പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) ഉൾപ്പെടുത്തി FSSA 9 കോടി രൂപയും. 3 കോടി രൂപ സംസ്ഥാന സർക്കാരും കണ്ടെത്തണമെന്ന് FSSA നിർദ്ദേശിച്ചിട്ടുണ്ട്. |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | ഭക്ഷ്യവസ്തുക്കൾ, 2011-ലെ ഭക്ഷ്യസുരക്ഷാ നിലവാര റൂൾസിൽ അനുശാസിക്കും പ്രകാരമുള്ള ഗുണനിലവാര ദേശിയനിലവാരമനുസരിച്ച് പരിശോധിച്ച് അവയുടെ റിപ്പോർട്ട് ലഭ്യമാക്കുക എന്നതാണ്. ടി പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. ലബോറട്ടറിയിലെ ഭൗതിക സാഹചര്യങ്ങളിലും ഉപകരണങ്ങളുടെ ലഭ്യതയിലും പരിശോധന സംവിധാനങ്ങളുടെ രീതികളും കുറ്റമറ്റതാണെന്ന് അക്രഡിറ്റേഷൻ വഴി ഉറപ്പുവരുത്തുന്നതാണ്. |
| സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | സി) | സംസ്ഥാന ആരോഗ്യവകുപ്പും ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുമാണ് പ്രധാനമായും ഈ പദ്ധതി നടപ്പിൽ വരുത്താൻ സഹകരിക്കുന്നത്. |
| ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ഡി) | ലബോറട്ടറിക്ക് NABL-ൽ (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് & |

| | | | |
|---|---|---|---|
| | | | കാലിബ്രേഷൻ ഓഫ് ലാബോറട്ടറീസ്) അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ തിരുവനന്തപുരം അനലിറ്റിക്കൽ ലാബോറട്ടറിയിൽ ഏകദേശം 70 % പൂർത്തീകരിച്ചുകഴിഞ്ഞു. തിരുവനന്തപുരം അനലിറ്റിക്കൽ ലാബിന്റെ അക്രഡിറ്റേഷൻ നടപടികൾ ആരംഭിക്കുന്നതിനു വേണ്ടി 2012-13 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 35.35 ലക്ഷം അനുവദിച്ചിട്ടുള്ളതും എറണാകുളം കോഴിക്കോട് ലാബുകളുടെ അക്രഡിറ്റേഷൻ നടപടികൾ ആരംഭിക്കുന്നതിനു വേണ്ടി 2013-14 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ